(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമവകുപ്പിലെ അംഗീകൃത സർവ്വീസ് സംഘടനകളുടെ ഏതെല്ലാം ഭാരവാഹികളെ സെക്രട്ടേറിയറ്റിന് പുറത്തേയ്ക്ക് സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) അവർ ആരെല്ലാമാണെന്നും അവർ ഭാരവാഹിത്വം വഹിക്കുന്ന സംഘടനകൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കേരള സർവ്വീസ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരം വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും അഡിഷൻ റ്റു കേഡർ ആയും നിയമ വകുപ്പ് ജീവനക്കാർ ജോലി ചെയ്തു വരുന്നു. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) പൊതുഭരണവകുപ്പിൽ നിന്നും 21-7-1967-ലെ സ.ഉ. (എം.എസ്) 230/67/പി.ഡി. നമ്പർ ഉത്തരവും 18-12-1968-ലെ സ.ഉ. (എം.എസ്) 378/68/പി.ഡി. നമ്പർ ഉത്തരവും ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചതായി കാണുന്നു.

(ഇ) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആരെയും സ്ഥലം മാറ്റി നിയമിച്ചിട്ടില്ല

(എഫ്) ഉദിക്കുന്നില്ല

ടെക്നിക്കൽ സ്പെഷ്യൽ റൂൾസിന്റെ സൂക്ഷ്മപരിശോധന

195 (2295) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) വാട്ടർ അതോറിറ്റിയിലെ ടെക്നിക്കൽ സ്പെഷ്യൽ റൂൾസ് സൂക്ഷ്മ പരിശോധനയ്ക്കായി ജല വിഭവ വകുപ്പ് എത്ര പ്രാവശ്യം നിയമവകുപ്പിന് സമർപ്പിച്ചിട്ടുണ്ട് ; അതിന്റെ തീയതികൾ വിശദമാക്കുമോ ;

(ബി) വാട്ടർ അതോറിറ്റി അഡ്മിനിസ്ട്രേറ്റീവ് സ്പെഷ്യൽ റൂൾസ് അന്തിമ സൂക്ഷ്മ പരിശോധന നടത്തി നിയമ വകുപ്പ് ജലവിഭവ വകുപ്പിന് മടക്കി നൽകിയ തീയതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010-ലെ വാട്ടർ അതോറിറ്റിയിലെ ടെക്നിക്കൽ സർവ്വീസ് സ്പെഷ്യൽ റൂൾസിന്റെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട് 30992/02/97/WRD എന്ന ഫയൽ രണ്ടു പ്രാവശ്യം നിയമവകുപ്പിലേയ്ക്ക് നൽകിയിരുന്നതായി ഈ വകുപ്പിലെ രേഖകളിൽ നിന്നും വ്യക്തമാകുന്നു. 9-3-2009, 14-7-2010 എന്നീ തീയതികളിലാണ് അപ്രകാരം നിയമ വകുപ്പിലേയ്ക്ക് അയച്ചു തന്നിട്ടുള്ളത്.

(ബി) വാട്ടർ അതോറിറ്റിയിലെ അഡ്മിനിസ്ട്രേറ്റീവ് മിനിസ്റ്റീരിയൽ ആന്റ് ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾസ് സൂക്ഷ്മ പരിശോധന നടത്തി നിയമ വകുപ്പ് മടക്കി നൽകിയത് 31-7-2010-ൽ ആണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly